# ത്രിദിന ദേശീയ പുസ്തകോൽസവവും ചിത്ര പ്രദർശനവും ഇന്ന് തുടങ്ങും

തൃശൂർ: കേരള കാർഷിക സർവ്വകലാശാലയുടെ ത്രിദിന ദേശീയ പുസ്തകോൽസവവും ചിത്ര പ്രദർശനവും ഇന്ന് രാവിലെ 9നു കേന്ദ്ര ലൈബ്രറിയിൽ ഇന്ന് തുടങ്ങും. ഉൽഘാടനം കഥാകൃത്ത് സന്തോഷ് എച്ചിക്കാനം നിർവ്വഹിക്കും. സി. ആർ. ദാസ് മുഖ്യപ്രഭാഷണം നടത്തും.

ശാസ്ത്ര സാങ്കേതികം, കൃഷി, വിദ്യാഭ്യാസം, സാഹിത്യം, ഭാഷ, വിനോദം, സിനിമ, ആരോഗ്യം, തുടങ്ങി എല്ലാ വിഷയങ്ങളിലുമുള്ള പ്രമുഖ ദേശീയ, അന്തർ ദേശീയ പ്രസാധകരുടെ ആയിരക്കണക്കിന് പുസ്തകങ്ങൾ മേളയിലുണ്ട്. ഡാൻബ്രൌൺന്റ്റെ 'ഒറിജിൻ', അരുന്ധതി റോയിയുടെ 'ദി മിനിസ്ട്രി ഓഫ് അറ്റ് മോസ്റ്റ് ഹാപ്പിനെസ്സ്', ശശി തരൂരിന്റെ 'വൈ ഐ ആം ഹിന്ദു', കസുഒ ഇഷിഗുരോയുടെ "ദി റിമെയിൻസ് ഓഫ് ദി ഡേ, സൽമാൻ റുഷ്ദിയുടെ 'ദി ഗോൾഡൻ ഹൌസ്', ഓർഹൻ പാമുകിന്റെ 'ദി റെഡ് ഹെയേഡ് വുമൺ', നമ്പി നാരായണന്റ്റെ ഓർമകളുടെ ഭ്രമണപഥം, സാറാ ജോസഫിന്റെ പരമ രഹസ്യത്തിന്റെ ഓർമയ്ക്ക്, ജേക്കബ് തോമസിന്റെ സ്രാവുകൾക്കൊപ്പം നീന്തുമ്പോൾ, എം.മുകുന്ദന്റെ നൃത്തം ചെയ്യുന്ന കുടകൾ.



പുസ്തകോൽസവത്തോടനുബന്ധിച്ചുള്ള ചിത്ര പ്രദർശനത്തിന്റെ ഒരുക്കങ്ങൾ

പുസ്തകോൽസവത്തോടനുബന്ധിച്ചു കേരള ലളിത കലാ അക്കാദമി യുമായി സഹകരിച്ചു സംഘടിപ്പിച്ചിട്ടുള്ള പേയിൻറിങ് പ്രദർശനത്തിൽ പ്രശസ്ത കലാകാരന്മാരായ കെ ആർ കുമാരൻ (വെറ്റിനറി സർവ്വകലാശാല), ഡോ. ഓ ആർ സുലജ (കാർഷിക സർവ്വകലാശാല), കെ ജെ വിനോദ് (മാതൃഭൂമി) തുടങ്ങിയവരുടെ ചിത്രങ്ങൾ ഉണ്ട്.

Janayugom 01.02.18